**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1200** **31-01-2024 - ൽ മറുപടിയ്ക്ക്**

**വെള്ളിനേഴി കലാഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ കലാഗ്രാമം എന്നറിയപ്പെടുന്ന ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി കലാഗ്രാമത്തെ സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ കലാകേന്ദ്രമായി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ വെള്ളിനേഴി കലാഗ്രാമ സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ട നിർമ്മാണ പദ്ധതിക്കായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നിർവ്വഹണ ഏജൻസിയും സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ് കേരള (സിൽക്ക്) നിർമ്മാണ ഏജൻസിയുമായി **പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.** ഈ പദ്ധതിയിൽ ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.<br><br>1) പ്രവേശന കവാടം<br><br>2) ലാന്റ്സ്കേപിംഗ്<br><br>3) പാർക്കിംഗ് ഏരിയ വികസനം<br><br>4) നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ<br><br>5) ചുറ്റുമതിൽ<br><br>6) ലൈറ്റിംഗ്<br><br>7) നടപ്പാതകൾ |

സെക്ഷൻ ഓഫീസർ